
# ഗവ.എൽ.പി.സ്കൂൾ, ചെറിയകുമ്പളം

# അക്കാദമിക മാസ്റ്റർ പ്ലാൻ




**2025-26**

**KUNNUMMAL SUB.DT.**

**PERAMBRA BRC**

# ഗവ.എൽ.പി. സ്കൂൾ, ചെറിയ കുമ്പളം

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**ആമുഖം**

മാറുന്ന കാലഘട്ടത്തിൻ്റെ ആവശ്യകത പരിഗണിച്ച് രൂപപ്പെടുത്തിയ കേരള പാഠ്യ പദ്ധതി ചട്ടക്കൂട് 2023, പിന്നിട്ട കാലങ്ങളിൽ നാം കൈവരിച്ച നേട്ടങ്ങളെ നിലനിർത്തിക്കൊണ്ട് നവകേരള സൃഷ്ടിക്കായുള്ള ജ്ഞാനസമൂഹത്തിൻ്റെ രൂപപ്പെടുത്തലിന് ലക്ഷ്യമിട്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നാം ലക്ഷ്യം വെയ്ക്കുന്നു.അതിനനുസരിച്ചുള്ള ചുമതലകൾ കാര്യക്ഷമതയോടെ നിർവഹിക്കാൻ അധ്യാപകരെ സജ്ജമാക്കുന്നതിന് 2025 മെയ് മാസത്തിൽ അധ്യാപക പരിശീലനങ്ങൾ നടന്നിട്ടുണ്ട്.

പഠന സമീപനം, പഠന പ്രവർത്തനങ്ങൾ, പഠനമാധ്യമം,ക്ലാസ്സ് മുറികൾ, അധ്യാപകൻ്റെ പങ്ക്, പഠനസഹായ സാമഗ്രികൾ, ഗൃഹപഠനം, ഫീൽഡ് ട്രിപ്പ്, വിലയിരുത്തൽ രീതി, പാഠപുസ്തകങ്ങൾ, ഹാൻഡ് ബുക്കുകൾ, വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം എന്നിങ്ങനെ അറിവു നിർമ്മാണത്തിന്റെ എല്ലാ സഹായ ഘടകങ്ങളിലും പുരോഗമനപരമായ ഇടപെടലുകൾ നടത്തുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ട് പുതിയ അധ്യയന വർഷത്തിന് തുടക്കം കുറിക്കുകയാണ്.

ഈ അധ്യയന വർഷം 2,4,6,8,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ച് പുതിയ പാഠപുസ്തകങ്ങളാണ് കുട്ടികളിൽ എത്തുന്നത്. പഠനനേട്ടത്തിന് പ്രാധാന്യം കൊടുത്തുള്ള സമീപനത്തിൽ നിന്ന് മാറി പഠനലക്ഷ്യത്തിന് പ്രാധാന്യം കൊടുത്തുള്ള അധ്യയന രീതിയാണ് ഇനി മുതൽ നാം തുടർന്നു വരേണ്ടത്. നമ്മൾ ആർജിച്ചെടുത്ത ഒരു ശേഷി മറ്റൊരു സ്ഥലത്ത് പ്രയോഗിക്കാൻ കഴിയുന്ന ഗണനചിന്തകൾക്ക് ഊന്നൽ നൽകേണ്ടതാണ്.

ഒന്ന് രണ്ട് ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതു വിദ്യഭ്യാസ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടി മലയാള മധുരം, സംയുക്ത ഡയറി,പാട്ടരങ്ങ്, സചിത്ര പുസ്തകം,റീഡേഴ്സ് തിയേറ്റർ നാട്ടുവിശേഷം കൂട്ടെഴുത്ത്, ക്ലാസ്സ് പത്രം, രചനോത്സവം, ഭാഷോത്സവം എന്നിങ്ങനെ വിവിധ പരിപാടികളാണ് രക്ഷിതാക്കളുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

മൂന്ന് നാല് ക്ലാസ്സുകളിൽ നാടൻ പാട്ടുകൾ, വായ്ത്താരികൾ, കടങ്കഥകൾ,സർഗ്ഗാത്മക രചനകൾ, പാവനാടകം, ചതുഷ്ക്കിയകൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ അവസങ്ങൾ നൽകുന്നുണ്ട്. ഭാഷാ വികാസം, വൈജ്ഞാനി മേഖല, സർഗാത്മമേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചാണ് മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്.

പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കാള്ളുന്നു.

ഒന്നാം ക്ലാസിലെ കുട്ടികളുടെ സന്നദ്ധത പ്രവർത്തനങ്ങൾ ഒരുക്കുന്നതിനായി സമഗ്ര ശിക്ഷ കേരളം നടത്തുന്ന പരിപാടിയാണ് "***ഒന്നൊരുക്കം"*** .കേരളത്തിലെ ഒന്നാം ക്ലാസിലെ മുഴുവൻ വിദ്യാർത്ഥി കൾക്കും ഈ സന്നദ്ധത പ്രവർത്തനം നൽകേണ്ടതുണ്ട് .പുതിയ അന്തരീക്ഷം ,പുതിയ ടീച്ചർ ,പുതിയ സമയക്രമം, പുതിയ സഹപാഠികൾ എന്നിങ്ങനെ പുതുമയുടെ ലോകമാണിത്. ഒന്നാം ക്ലാസിൽ പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പഠന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കുട്ടികളെ പിന്തുണയ്ക്കാൻ രക്ഷിതാക്കളെ സജ്ജമാക്കേണ്ടതുണ്ട് കുട്ടികളുടെ വികാസ മേഖലയെ കുറിച്ചും സന്നദ്ധ പ്രവർത്തനങ്ങളുടെ കുറിച്ചും അവർ അറിയേണ്ടതുണ്ട്. സ്കൂൾ തുറന്ന് പ്രവേശനോത്സവ ദിനം മുതൽ ആദ്യത്തെ 10 പ്രവർത്തി ദിനം എല്ലാ വിദ്യാലയങ്ങളിലും സന്നദ്ധത പ്രവർത്തനം നടത്തണം.

"മഴ മേഘങ്ങൾ പന്തലൊരുക്കിയ പുതു വർഷത്തിൻ പൂന്തോപ്പിൽ
കളിമേളങ്ങൾ വർണം വിതറിയൊരവധിക്കാലം മായുന്നു."

എന്ന പ്രവേശനോത്സവം ഗാനത്തോടെയാണ് ഈ അധ്യായന വർഷം സ്കൂൾ പ്രവേശന ഉത്സവം ആരംഭിക്കുന്നത് .2025 ജൂൺ 2 തിങ്കളാഴ്ച കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും പ്രവേശനോത്സവ പരിപാടികൾ നടക്കുകയാണ്.

എല്ലാവർക്കും പുതുമയേറിയ ഹൃദ്യമായ ഒരു പുതിയ അധ്യായന വർഷം ആശംസിച്ചുകൊണ്ട് ചെറിയ കുമ്പളം ഗവൺമെൻറ് എൽപി സ്കൂളിൻറെ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് - 1**

ആമുഖം

ഓരോ കുട്ടിയുടേയും സമഗ്ര വികസനമാണ് ഓരാ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടി മലയാള മധുരം, സംയുക്ത ഡയറി,പാട്ടരങ്ങ്, സചിത്ര പുസ്തകം,റീഡേഴ്സ് തിയേറ്റർ നാട്ടുവിശേഷം കൂട്ടെഴുത്ത്, ക്ലാസ്സ് പത്രം, രചനോത്സവം, ഭാഷോത്സവം എന്നിങ്ങനെ വിവിധ പരിപാടികളാണ് രക്ഷിതാക്കളുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾകൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമുടുന്നത്.

ലക്ഷ്യങ്ങൾ

1.ഇംഗ്ലീഷിലും ,മലയാളത്തിലും ICT സാദ്ധ്യതകൾ ഉപയോഗിച്ച് ധാരാളം കഥകളും, പാട്ടുകളും കേൾക്കാൻ അവസരം ഒരുക്കുക.
2.കഥോത്സവം,വായനോത്സവം-ഇഷ്ടപ്പെട്ട കഥകളും പാട്ടുകളും അവതരിപ്പിക്കാൻ, കുട്ടികൾക്ക് അവസരം നൽകുക.
3. എല്ലാ കുട്ടികളും അക്ഷരങ്ങൾ ചേർത്ത് പുതിയ പദങ്ങൾ നിർമ്മിക്കുക.
4. ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക..
4. തൻറെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.
5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും കക്ഷമതയും ഉറപ്പാക്കുക.
6.രക്ഷിതാക്കളുടെ സഹായത്തോടെ സംയുക്ത ഡയറി, നിർമ്മാണ ശില്പശാല നടത്തുക.
7.പാട്ടരങ്ങ്,നിർമാണ ശില്പ ശാല,രചനോത്സവം ,പത്രം ,ഭാഷോത്സവം എന്നിങ്ങനെ വിവിധ പരിപാടികൾ രക്ഷിതാക്കളുടെ സഹായത്തോടെ നടപ്പിലാക്കുക.
8.സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക

| **പ്രവർത്തന ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പിന്തുണ** |
|---|---|---|---|
| 1.ഇംഗ്ലീഷിലും ,മലയാളത്തിലും ICT സാധ്യതകൾ ഉപയോഗിച്ച് ധാരാളം കഥകളും, പാട്ടുകളും കേൾക്കാൻ അവസരം ഒരുക്കുന്നു. | സ്കൂളിൽ ലഭ്യമായ LAPTOP, PROJECTOR മുതാലായവ ഉപയോഗിച്ച് എല്ലാ ദിവസവും ഇംഗ്ലീഷിലും,മലയാളത്തിലും ധാരാളം കഥകളും, പാട്ടുകളും കേൾപ്പിക്കുന്നു. | ജൂൺ-മാർച്ച് | സഹ അധ്യാപകർ |
| 2.കഥോത്സവം,വായനോത്സവം-ഇഷ്ടപ്പെട്ടകഥകളും പാട്ടുകളും അവതരിപ്പിക്കാൻ, കുട്ടികൾക്ക് അവസരം നൽകുന്നു. | ആദ്യത്തെ രണ്ടാഴ്ചക്കാലം എല്ലാ ദിവസങ്ങളിലും ,ശേഷം ബാലസഭകളിലും മുഴുവൻ കുട്ടികളും,ഇഷ്ടപ്പെട്ട കഥകളും ,പാട്ടുകളും അവതരിപ്പിക്കുന്നു. | ജൂൺ-മാർച്ച് | ടീച്ചർ രക്ഷിതാക്കൾ |
| 3 രക്ഷിതാക്കളുടെ സഹായത്തോടെ സചിത്ര പുസ്തക നിർമ്മാണ ശില്പശാല നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ നിർമ്മിച്ച് ഓരോകുട്ടിക്കും ഉപയോഗിക്കാൻ പറ്റുത്ത തരത്തിൽ ക്ലാസ്സിൽ സജ്ജീകരിക്കുക. | ജൂൺ-മാർച്ച് | രക്ഷിതാക്കൾ ടീച്ചർ B R C/S S K |
| 4. എല്ലാ കുട്ടികളും അക്ഷരങ്ങൾ ചേർത്ത് പുതിയ പദങ്ങൾ നിർമ്മിക്കുന്നു.സംയുക്ത ഡയറി തയ്യാറാക്കൽ. | അക്ഷര സഞ്ചികൾ ഉപയോഗിച്ച് പുതിയ പദങ്ങൾ നിർമ്മിക്കുന്നു. രക്ഷിതാക്കളും കുട്ടികളും ചേർന്ന് സംയുക്ത ഡയറി തയ്യാറാക്കുന്നു. | ജൂലായ് - മാർച്ച് | ടീച്ചർ രക്ഷിതാക്കളും കുട്ടികളും |
| 5.പാട്ടരങ്ങ് | പാട്ടരങ്ങ് ഏകദിന ശിൽപ ശാല നടത്തുന്നു.കുട്ടികളുടേയും രക്ഷിതാക്കളുടേയും പങ്കാളിത്തത്തോടെ സംഗീത ഉപകരണങ്ങളുടെ നിർമ്മാണം.പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പാട്ടരങ്ങ്അവതരണം. | ജൂലായ് - മാർച്ച് | ടീച്ചർ രക്ഷിതാക്കളും കുട്ടികളും |
| 6.രചനോത്സവം | ലേഖന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | ആഗസ്റ്റ് മാർച്ച് | ടീച്ചർ |

| | | | |
|---|---|---|---|
| 7.ക്ലാസ്സ് പത്രം. | ഓരോ കുട്ടിയും കണ്ടതോ കേട്ടതു മായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ ആദ്യം പറയാനും ക്രമേണ എഴുതാനും പ്രാപ്തി നേടുന്നു. | ഒക്ടോബർ-മാർച്ച | ടീച്ചർ |
| 8.ഭാഷോത്സവം - | ലഘു വ്യവഹാര രൂപങ്ങൾ വിശേഷണ ങ്ങൾ ചേർത്ത് പറയാനും എഴുതാനും ശേഷി നേടുന്നു. | ഫെബ്രുവരി-മാർച്ച് | ടീച്ചർ<br>രക്ഷിതാക്കൾ |
| 9.തൻറെ ചുറ്റുപാടിനെ നിരീക്ഷി ക്കുന്നതിനും വിശകലനം നടത്തു ന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാകുന്നു | സ്കൂളിനും വീടിനും ചുറ്റുമുള്ള സസ്യങ്ങൾ, ജീവജാലങ്ങൾ മുതലായവ നിരീക്ഷിക്ഷിച്ച്ഒരോന്നിൻ റെയും പ്രത്യേകതകൾ കണ്ടെത്താൻ അവസരം നൽകുന്നു. | ജൂൺ-മാർച്ച് | രക്ഷിതാക്കൾ |
| 10.കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും കക്ഷമതയും ഉറപ്പാക്കുന്നു | ചെറു വ്യായാമങ്ങളിലും ,ചെറു കളികളിലും ഏർ പ്പെടാൻ എല്ലാ കുട്ടികളേയും സജ്ജരാക്കുന്നു.<br>സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക | ജൂൺ-മാർച്ച് | ടീച്ചർ<br>സഹ അധ്യാപകർ<br>രക്ഷിതാക്കൾ |
| | | | |
| | | | |
| | | | |

## ക്ലാസ് 2

## ആമുഖം

ഈ അധ്യയന വർഷം മാറിവന്ന പുതിയ പുസ്തകങ്ങളാണ് രണ്ടാം ക്ലാസിൽ പഠിപ്പിക്കുന്നത് .പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം ,വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയെ പരിഗണിച്ചാണ് ക്ലാസ് തല മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത് . കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷ പ്രദമായ വികാസമാണ് ഈവർഷം ലക്ഷ്യമിടുന്നത് . എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാസമ്പത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം .

പ്രവർത്തനലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് .
2. രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നതിന് .
3. ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
4. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
5. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ,ലഘു വിവരണം ,കഥ എന്നിവതയ്യാറാക്കുന്നു.
6. ആശയം ,ഈണം / താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.( കവിതാപൂരണം)
7.രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് .
8.സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക

മുന്നൊരുക്കം

1. പ്രീടെസ്റ്റ് നടത്തുന്നു.എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
2. കുട്ടിയുടെ നിലവിലുള്ള അവസ്ഥ ,കഴിവുകൾ ,പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

ജൂൺ

1. ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
2. സചിത്ര പുസ്തകം- രക്ഷിതാക്കൾക്ക് PTA യിൽ നിർദ്ദേശങ്ങൾ നൽകൽ
3. വായനാസാമഗ്രികൾ നിർമ്മിക്കൽ
4. വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ- മലയാളം മധുരം - ലൈബ്രറി പുസ്തകങ്ങൾ വായിച്ചാസ്വദിക്കൽ ,സംയുക്തഡയറി-PTA യിൽ രക്ഷിതാക്കളെ ഡയറിയെഴുത്ത് പരിചയപ്പെടുത്തൽ, ഡയറി എഴുത്ത് - തുടക്കം കുറിക്കൽ
5. സചിത്ര പാഠപുസ്തകം - PTA യിൽ രക്ഷാകർത്താവിനെ പരിചയപ്പെടുത്തൽ .
6. റീഡേഴ്സ് തിയേറ്റർ - എൻ്റെ കേരളം - കഥാപാത്രങ്ങളെയും,ആഖ്യാനവും ,സംഭാഷണങ്ങളും കണ്ടെത്തി വായിച്ച് ഒരുങ്ങൽ-അവതരിപ്പിക്കൽ ഭാവാത് മകവായന ,ശ്രാവ്യ വായന എന്നിവയ്ക്ക് ഊന്നൽ
7.സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക

.

ജൂലൈ

1. ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.
3. ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ
4. എഴുത്തിൻ്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ
5. പാട്ടരങ്ങ് - പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ
6. റീഡേഴ്സ് തിയേറ്റർ -പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ - സർഗ്ഗ വേളയിൽ അവതരണം.
7.സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക

ആഗസ്റ്റ്

1. ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ ,ക്ലാസ് പത്രം തയ്യാറാക്കൽ
2. രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ .
3. വീട്ടു ലൈബ്രറി ഒരുക്കൽ
4. ചിത്രവിവരണം
5. വായനാ തലത്തിൽ എത്തിച്ച് - വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

6. ഭാഷാ വികാസ മേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. കലോത്സവം ,വായനോത്സവം എന്നിവ സംഘടിപ്പിക്കുന്നു. രചനോത്സവത്തിൻ്റെ ഭാഗമായി സംയുക്ത ഡയറി-മികച്ചവ PTA യിൽ പങ്കുവെക്കൽ.
7.സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക

സെപ്റ്റംബർ

1. വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
2. വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
3. വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
4. വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം നടത്തൽ (റീസേഴ്സ്റ്റിയേറ്റർ)
5. പാട്ടരങ്ങ് ,പ്രകൃതി നടത്തം (നാട്ടുവിശേഷം കൂട്ടെഴുത്ത് ) യാത്രാവിവരണം ,ഭാഷണം ,ലേഖനത്തിന് അവസരമൊരുക്കൽ

ഒക്ടോബർ

1. കേട്ടതോ,വായിച്ചതോ ആയ കഥകൾ ,സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ
2. വിവിധ തലത്തിലുള്ള പതിപ്പ് നിർമ്മാണം -വേണ്ടുന്ന മുൻഗണന നൽകുന്നു .

നവംബർ

1. കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു .
2. സചിത്ര പുസ്തകം ,സംയുക്ത ഡയറി - മികച്ചവ കണ്ടെത്തൽ,അഭിനന്ദിക്കൽ

ഡിസംബർ

1. ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു .
2. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.
3. വ്യവഹാര രൂപങ്ങൾ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ ,സാധ്യതകൾ രൂപീകരിച്ച് ചെയ്യുന്നു .
4. സംയുക്ത ഡയറി-ഡിജിറ്റൽ രൂപത്തിലാക്കൽ
5.സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക

ജനുവരി

1. വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ( കവിതാപൂരണം)
2. ലഘുവിവരണങ്ങൾ ,പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ
3. അറിയിപ്പുകൾ ചെറിയ പോസ്റ്ററുകൾ തയ്യാറാക്കുന്നതിന് അവസരം ഒരുക്കൽ
4. റീഡേഴ്സ് തിയേറ്റർ - മികച്ച ക്ലാസ്സ് പ്രവർത്തനങ്ങൾ സർഗ്ഗവേളയിൽ അവതരിപ്പിക്കാൻ അവസരം .

ഫെബ്രുവരി

1. എല്ലാ മേഖലയിലും കുട്ടികളെ എത്തിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം ,ലേഖനം ,എഴുത്ത് )
2. കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ(കഥോത്സവം വായനോത്സവം )3. എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ

മാർച്ച്

1. വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
2. ഓരോ കുട്ടിക്കും ഓരോ പതിപ്പ് - കുഞ്ഞെഴുത്ത് പുസ്തകം
3. വീട്ടു വായന ,കൂട്ടു വായന ,ചിത്രവായന- പ്രോത്സാഹിപ്പിക്കൽ
4. നവമാധ്യമങ്ങളിൽ അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ
5. സംയുക്ത ഡയറി ,സചിത്ര പുസ്തകം -

## Academic Master Plan-Maths
## Std 2 .

ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടു കൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം പദ്ധതിയും മുന്നോട്ട് വന്നത് . ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗദർശിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ .ഗണിത പ്രവർത്തനത്തിൽ താത്പര്യം ഉണ്ടാവുക വഴി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വെക്കുന്നത് .

### പ്രവർത്തന ലക്ഷ്യങ്ങൾ

1. രണ്ടാം ക്ലാസ്സിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം ,സംഖ്യകളെ വ്യാഖ്യാനിക്കാനും ,സങ്കലനം, വ്യവകലനം ,പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
2. സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരും നേടിയെടുക്കുന്നതിന് .
3. ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
4. ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു (100 ൽ താഴെ)
5. ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ
ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ .
6. പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

### മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ-തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

### ജൂൺ

1. 1,2,3,4,........
2. 1,3,5,7,.......
3. 10,20,30,40,......
4. 5,10, 15,20,.......
5. 4 ,6 ,8 ,10,..... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

2. ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

### ജൂലൈ

1. ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
2. ഗണിതക്കിറ്റ് - എല്ലാ കുട്ടികളിലും ഗണിതാശയങ്ങൾ ഉറപ്പാക്കൽ
3. പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ .

### ആഗസ്റ്റ്

1. വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
2. സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ ,99 നോട് 1 കൂട്ടിയാൽ 100, 10 പത്തുകൾ ചേർന്നാൽ 100 ആകും. .100 ഒന്നുകൾ ചേർന്നതാണ് 100 .
3. ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

### സെപ്റ്റംബർ

1. ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ .
2. വിലവിവരപ്പട്ടിക തയ്യാറാക്കൽ
3. ക്ലാസ്സിലൊരു കട ,സ്കൂളിലൊരു കട - ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ .

### ഒക്ടോബർ

1. രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യുന്നു. ( രണ്ടക്ക സംഖ്യയിൽ നിന്ന് ഒരക്ക സംഖ്യയുടെ വ്യവകലനം,രണ്ടക്കസംഖ്യകൾ തമ്മിൽ സങ്കലനം ,വ്യവകലനം)
2. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ .
3. സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ(പാറ്റേണിലെ സംഖ്യകൾ തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10...15...20...25... (5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം)

### നവംബർ

1.സ്ഥാനവില തിരിച്ചറിയൽ (ഒന്ന് ,പത്ത് )

2.പ്രായോഗിക പ്രശ്ന പരിഹാരത്തിനായ് കളിനോട്ടുകൾ paper ഉപയോഗിച്ച് വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.

3 'ക്ലാസ്സിലൊരു കട' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ .

4.നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ ,കൂട്ടിച്ചേർത്ത് സംഖ്യരൂപീകരിക്കൽ .

ഡിസംബർ

1. സംഖ്യാബോധം തിരിച്ചറിയൽ-സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
2. സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ് ,Abacus നിർമ്മിക്കൽ .
3. രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

1. വിലവിവരപ്പട്ടിക തയ്യാറാക്കൽ വിവരങ്ങൾ ക്രോഡീകരിച്ച് പട്ടിക പ്പെടുത്തൽ .പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ ,പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ -രീതികൾ
2. സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

1.ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനംനടത്തൽ (ഒന്ന് എന്ന് പറയുമ്പോൾ ....)

2. ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾപരിഹരിക്കൽ .ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ .

മാർച്ച്

1.കലണ്ടർ പതിപ്പ് തയ്യാറാക്കൽ
2.കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് . മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ .
3.കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
4. കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ .
5. ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക .

## ACADEMIC MASTER PLAN

English STD II

June

Aim :To speak ,read and write English without any mistakes .

Pretest

To check the vocabulary and writing skills of pupils.

June and July

To develop listening skills and reading skills . Listening skills

1. Games ,Action songs ,Hello English activities
2. Reader "s theatre activities ,conversations ,skit stories ,use of ICT, Speaking skills
3.Identify the naming words from the picture .
4. Identify the action words from the same pictures
5. Make simple sentences using the action word and naming words about the picture.
6. Make symbol description about the picture.
7. Growing sentences ,picture reading, self introduction .Activities

Riddles , self introduction ,Reader ' s theatre activities .

August and September

Develop the creative speaking and writing Reading skills

1. Find words
2. Collect and read past tense
3. Rhyming words
4. Describing words
5. Text book activities

Writing skills

1. Make word web .
2. Picture description with describing words .
3. Word chain ,Sentence chain
4. Make words and sentences
5. Make riddles ,conversations
6. Add more lines

Activities- Riddles ,Self introduction

October and November

To express thoughts ,feelings etc.

Reading skill

1. Library books reading
2. Conversations ,skit stories ,use ICT materials .

Writing skills
1. Description
2. Thought
Activities - Riddles ,skit, speech

December and January

1.Develop the creative speaking and writing
2.To express thoughts ,feelings etc.

Reading skill

1.Reading story books .
2. Conversations, skit, stories using ICT materials ,Reader's theatre activities

Writing skills

1. Description
2. Thought
Activities - speech ,riddles, skit

February and march

To improve the presentation power.

Reading skills

1. Library books reading
2. Conversations ,skit, stories using ICT materials

Writing skills

1. Description
2. Thought
Activities: Speech ,riddles makes magazines ,skit .

**ക്ലാസ്സ് - 3**
**അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25**
ലക്ഷ്യങ്ങൾ

1.നാടൻ പാട്ടുകൾ, വായ്ത്താരികൾ കവിതകൾ മുതലായവ ആശയ വ്യക്തതയോടെ താളാത്മകകമായി ചൊല്ലി അവതരിപ്പിക്കുന്നു.
2.സ്വന്തം രചനകൾ ഭാവത്മകമായി വായിക്കുന്നു.
3.കടങ്കഥകൾ ശേഖരിക്കുന്നു ഉത്തരങ്ങൾ കണ്ടെത്തുന്നു.,കടങ്കഥകൾ നിർമ്മിക്കുന്നു.
4.ആസ്വദിച്ച ഭാഷാഘടകങ്ങൾ(കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാവുകയും ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.
5.ലഘുവായ സർഗാത്മക രചനകൾ നടത്തുന്നു.(കഥ,കവിത,ഡയറി പത്രവാർത്ത ചിത്രങ്ങൾ)
6.കഥകളും കവിതകളുമൊക്കെ നാടകം, പാവനാടകം തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കുന്നു
7.ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കുന്നു. (വിവരണം ,സംഭാഷണം)
8.മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടിൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.

9.Enjoys a poem /rhyme /song by listening/ reciting/ reading and writing.

10.Rearranges events to frame a meaningful story after reading.

11.Reads and comprehends appropriate stories and other discourses.

12.Writes conversations, thoughts and descriptions relevant to the contexts.

13 ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടിൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
14.മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ സ്വന്തമായി ചെയ്യാനുള്ള പ്രാപ്തി നേടുക.
15..പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.
16.നിരീക്ഷണം താരതമ്യം വർഗ്ഗീകരണം മുതലായ ശേഷികൾ നേടുന്നു.17.ശാസ്ത്രീയ വീക്ഷണങ്ങൾ കുട്ടികളിൽ ഉണ്ടാക്കുന്നു.
18.മുഴുവൻകുട്ടിൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുക.
19.ആത്മവിശ്വാസത്തോടെ പൊതുസദസ്സുളെ അഭിമുഖീരിക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക.
20.ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സാങ്കേതി പരിജ്ഞാനം നൽകിമുഴുവൻ കുട്ടികളേയുംഅറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക. വിവിധ പരിപാടികൾ രക്ഷിതാക്കളുടെ സഹായത്തോടെ നടപ്പിലാക്കുക.

| **പ്രവർത്തന ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പിന്തുണ** |
|---|---|---|---|
| 1.നാടൻ പാട്ടുകൾ, വായ്ത്താരികൾ കവിതകൾ മുതലായവ ആശയ വ്യക്തതയോടെ താളാത്മകകമായി ചൊല്ലി അവതരിപ്പിക്കുന്നു. | ക്ലാസ്സ് ലൈബ്രറിയിൽ നാടൻപാട്ടുകൾ വായ്ത്താരികൾ ഒരുക്കി വെക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |
| 2.സ്വന്തം രചനകൾ ഭാവത്മകമായി വായിക്കുന്നു | നാടൻ പാട്ടുകളുടെ അവതരണം .നാടോടി കഥകളുടെ അവതരണം | ജൂലായ് - മാർച്ച് | സഹ അധ്യാപകര് |
| 3.കടങ്കഥകൾ ശേഖരിക്കുന്നുഉത്തരങ്ങൾ കണ്ടെത്തുന്നു.കടങ്കഥക ൾ നിർമ്മിക്കുന്നു. | കടങ്കഥ പുസ്തകങ്ങൾ ശേഖരിക്കുന്നു. കടങ്കഥ മത്സരം നടത്തുന്നു. | ജൂലായ് - മാർച്ച് | രക്ഷിതാക്കൾ അധ്യാപകർ |
| 4.ആസ്വദിച്ച ഭാഷാഘടകങ്ങൾ(കഥ,കവിത, നാടൻ പാട്ട്,കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാവുകയും ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു. | ബാലസഭകളിലും മറ്റു വേദികളിലും അവതരിപ്പിക്കുന്നുന്നു | ആഗസ്റ്റ് മാർച്ച് | രക്ഷിതാക്കൾ അധ്യാപകർ |

| | | | |
|---|---|---|---|
| 5.ലഘുവായ സർഗാത്മക രചനകൾ നടത്തുന്നു(കഥ,കവിത, ഡയറി പത്രവാർത്ത ചിത്രങ്ങൾ) | ഠന പ്രവർത്തനങ്ങളുടെ ഭാഗമായി വരികൾ കൂട്ടിച്ചേർക്കൽ, കഥകൾ വായിക്കുന്നു/ എഴുതുന്നു / പറയുന്നു. ദിവസേന ഡയറി പത്രവാർത്തകൾ എന്നിവ എഴുതുന്നു.നിർദ്ദേശങ്ങൾ പാലിച്ച് ചിത്രങ്ങൾ വരക്കുന്നു.ഉചിതമായ നിറങ്ങൾ നൽകുന്നു | ജൂലായ് - മാർച്ച് | അധ്യാപകർ |
| 6.കഥകളും കവിതകളുമൊക്കെ നാടകം, പാവനാടകം തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കുന്നു | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിതകളും കഥകളും റോൾപ്ലേ നടത്തുന്നു. പാവനാടകം പരിചയപ്പെടുത്തുന്നു | ആഗസ്റ്റ്- ജനുവരി | ക്ലാസ് ടീച്ചർ സഹ അധ്യാപകർ |
| 7.ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കുന്നു (വിവരണം സംഭാഷണം) | ലഘു വിവരണങ്ങൾ, സംഭാഷണങ്ങൾ പരിചയപ്പെട്ട ശേഷം അവ പറയാനും എഴുതാനും വായിക്കാനും ശേഷി നേടുന്നു. | ജൂലായ് - മാർച്ച് | ക്ലാസ് ടീച്ചർ |
| 8.മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടിൾക്കും ആശയഗ്രഹണത്താടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ ചിഹ്നങ്ങൾ മുതലായവ ഉറക്കുന്നതിനുള്ള തനതു പ്രവർത്തനങ്ങൾ ICT സാധ്യതകൾ/വർക്ക് ഷീറ്റുകൾ മുതലായവ ഉപയോഗിച്ച് ധാരാളം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചര് |
| 9.Enjoys a poem /rhyme /song by listening/ reciting/ reading and writing. | Using ICT/Lirary books gives more poems, rhyme and reading and writing. | June-March | Parents<br><br>Class teacher |
| 10.Rearranges events to Each and every units gives frame a meaningful story after reading. | Each and every units gives frame a meaningful story after reading. | July-March | Class teacher |
| 11.Reads and comprehends appropriate stories and other discourses. | News paper reading, library books reading, book review, | June-March | Class teacher |
| 12.Writes conversations, thoughts and descriptions relevant to the contexts. | Reading conversations, skit stories use ICT material | July-March | Class teacher |
| 13. ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടിൾക്കും ഗണിതശേഷികൾ ഉറപ്പാക്കുന്നു. | പ്രവർത്തിപരിചയ ഗണിത ശില്പശാല നടത്തുന്നു. ക്ലാസ് പി.ടി.എ വിളിച്ചു ചേർ ക്കുന്നു.പ്രവൃത്തിപരിചയ ത്തിലൂടെ ഗണിതാശയങ്ങൾ രൂപീരിക്കുന്നു. പ്രവർത്തനങ്ങളിൽ രക്ഷിതാ ക്കളെ പങ്കാളിയാക്കൽ | ജൂൺ - മാർച്ച് | Class teacher &<br>Parents |

| | | | |
|---|---|---|---|
| 14.മൂന്നാം ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ സ്വന്തമായി ചെയ്യാനുള്ള പ്രാപ്തി നേടുക. | ഓരോ യൂണിറ്റിനേയും അടിസ്ഥാനമാക്കി സമാന പ്രവർത്തനങ്ങൾ കണ്ടെത്തി രക്ഷിതാക്കളുടെ സഹായത്തോടെ കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു. | ജൂൺ - മാർച്ച് | Class teacher & Parents |
| 15.പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർ പ്പെട്ട് കുട്ടികളിൽ ശാസ്ത്രീയമനോഭാവം വളർത്തുക. | പരീക്ഷണങ്ങളെ ശാസ്ത്ര മാജിക്കുളായി രൂപപ്പെ ടുത്തുന്നു.<br>*കുട്ടികൾ ശാസ്ത്ര പരീക്ഷണ ങ്ങൾ ഏറ്റെടുക്കുന്നു.<br>*പരീക്ഷണ സാമഗ്രികൾ വിസിപ്പിക്കുന്നു.<br>- പരീക്ഷണത്തിലേർ പ്പെടുന്നു.<br>- പരീക്ഷണകുറിപ്പുൾ തയ്യാറാക്കുന്നു. | ആഗസ്റ്റ്-ജനുവരി | ക്ലാസ് ടീച്ചർ സഹ അധ്യാപകർ |
| 16.നിരീക്ഷണം ,താരതമ്യം , വർഗ്ഗീകരണം മുതലായ ശേഷികൾ നേടുന്നു. | പാഠപുസ്തകം, അധ്യാപക സഹായി മുതലായവയിലെ പ്രവർത്തനങ്ങൾ നല്ല ആസൂത്രണത്തിലൂടെ കണ്ടെത്തി കുട്ടികളിൽ എത്തിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ |
| 17.ശാസ്ത്രീയ വീക്ഷണങ്ങൾ കുട്ടികളിൽ ഉണ്ടാക്കുന്നു. | യുറീക്ക പോലെയുള്ള ശാസ്ത്ര മാസികകൾ ലഭ്യമാക്കുന്നു. അന്ധവിശ്വാസങ്ങളിൽ നിന്ന് മാറി ശാസ്ത്ര ചിന്തകൾ കുട്ടികളിൽ രൂപപ്പെടാനുള്ള അവസരങ്ങൾ ഒരുക്കുന്നു. | ആഗസ്റ്റ്-ജനുവരി | അധ്യാപകർ |
| 8.മുഴുവൻകുട്ടിൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുക. | ലഘുവ്യായാമങ്ങൾ-(സ്കേറ്റിംഗ്, എയറോ ബിക്സ്,)പരിശീലിപ്പിക്കുന്നു.<br>കൃഷി, പൂന്തോട്ട നിർമാണം ഇവയിൽ പങ്കാളികളാക്കുക.<br>• വീടുകളിൽ കൃഷിക്കും പൂന്തോട്ട നിർമാണത്തിലും പങ്കാളികളാക്കുക .<br>*മികച്ചവ കണ്ടെത്തി അനുമാദിക്കൽ, | ജൂലായ് - മാർച്ച് | സഹ അധ്യാപകർ |
| 19.ആത്മവിശ്വാസത്തോ ടെ പൊതുസദസ്സുളെ അഭിമുഖീരിക്കുന്നതിനു ള്ള കഴിവ് വർ ദ്ധിപ്പിക്കുക. | ബാലസഭയിൽ മുഴുവൻ കുട്ടികൾക്കും പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ജൂലായ് - മാർച്ച് | രക്ഷിതാക്കൾ അധ്യാപകർ |
| 20.ആധുനികാലഘട്ടത്തി ൽ ജീവിക്കുന്നതിനാ വശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളേയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക. | ICT സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നു. | ആഗസ്റ്റ് മാർച്ച് | അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ്- 4

ആമുഖം

ഈ അധ്യയന വർഷം മാറിവന്ന പുതിയപുസ്തകങ്ങളാണ് നാലാം ക്ലാസിൽ പഠിപ്പിക്കുന്നത്. 2025-26 അധ്യയനവർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാ സം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്നവിധത്തിലാണ് രൂപകൽപ്പനചെയ്തിട്ടുള്ളത്. പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, സ്വയമേറ്റെടുക്കൽ മനോഭാവം വളർത്തുക,സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, വിദ്യാലയത്തെ വിലയിരുത്തൽ പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

ലക്ഷ്യങ്ങൾ

• മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്രവായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാ ശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക
• എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നു.
• കുട്ടികളിൽ സാമൂഹികവികാസവിടവ് നിലനിൽക്കുന്ന പുതിയ സാഹചര്യത്തിൽ സംഘപ്രവർത്തനങ്ങൾ, കളികൾ എന്നിവയിലൂടെ സാമൂഹികബോധം, സംഘബോധം, പങ്കിടൽ എന്നിവ വികസിപ്പിക്കൽ.
• ശാസ്ത്രകൗതുകം വളർത്താൻ ഉതകുന്നതരത്തിൽ ശാസ്ത്രപരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണകുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ
.വായന ,എഴുത്ത് എന്നീ അടിസ്ഥാനശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുകയും സർഗാത്മ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക
• നാലാംക്ലാസിലെ വിവിധ വിഷയങ്ങളികല ആശയങ്ങളുമായി ബന്ധപ്പെട്ട വായന പുസ്തകങ്ങൾ തെരഞ്ഞെടുക്കുക. അവ ക്ലാസ് ലൈബ്രറിയിൽ ക്രമീകരിക്കുക.
• മൂന്നാം ക്ലാസ് നിലവാരത്തിലുള്ള വായന കാർഡുകൾ ടീച്ചർ മുൻകൂട്ടി തയ്യാറാക്കുന്നു
• ഈ കാർഡുകൾ നൽകിക്കൊണ്ട് (വായനയിലേക്ക് നയിച്ചുകൊണ്ട് കാർഡുകൾ വ്യക്തിഗത വായനയ്ക്കായി നൽകുന്നു.)
• വായനയിൽ കുട്ടി എവിടെ നിൽക്കുന്നുവെന്ന്തിരിച്ചറി യുന്നു. (നിലനിർണയം)
• തെളിവുകൾ ശേഖരിക്കൽ (വീഡിയോ) രേഖപ്പെടുത്തൽ
• വായനയിൽ പിന്നാക്കക്കാരെ കണ്ടെത്തുന്നു.
• ക്ലാസ് ലൈബ്രറിയിൽ തെരഞ്ഞെടുത്തുവച്ച വായനപുസ്തകങ്ങളുടെ സഹായത്തോടെ മാതൃകാവാനക്കാർഡുകൾ ടീച്ചർ തയ്യാറാക്കുന്നു.(കുട്ടികളുടെ നിലവാരം പരിഗണിച്ചുകെണ്ട്)
• തെരഞ്ഞെടുത്ത പുസ്തക ങ്ങൾ രക്ഷിതാക്കൾക്ക് കൈമാറുന്നു.
• കൂടുതൽ വായനകാർഡുകൾ തയാറാക്കുന്നതിനായി കുട്ടുകൾ രക്ഷിതാക്കൾ, അധ്യാപകർ, പ്രാദേശിക വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുന്നു.
• ശില്പശാലയിൽ രൂപപ്പെട്ട ഉത്പന്നങ്ങൾ കുട്ടികൾ വായിക്കുന്നു. പരസ്പരം കൈമാറി വയ്ക്കുന്നു.
• രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.
• വായനയുടെ വീഡിയോ ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.
•ഇംഗ്ലീഷ്,മലയാളം എന്നീ വിഷയങ്ങളിൽ വായന എഴുത്ത് എന്നീ അടിസ്ഥാന ശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുകയും സർഗാത്മ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.
•.സംഘപ്രവർത്തനം കളികൾ എന്നിവയിലൂടെ സംഘബോധം, സാമൂഹിക ബോധം, പങ്കിടൽ, എന്നിവ വികസിപ്പിക്കൽ
•ശാസ്ത്ര കൗതുകം വളർത്താൻ ഉതകുംവിധം, ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകുയും ചെയ്യുന്നു.
• കുട്ടിളുടെ സ്വതന്ത്രമായ സർഗാത്മ പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
•കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും, കായിക കക്ഷമതയും ഉറപ്പാക്കുന്നു.
•സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക
•ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടിൾക്കും ഗണിതശേഷികൾ ഉറപ്പാക്കുന്നു.

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് ക്ലാസ് ലൈബ്രറി വികസനം ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ അമ്മ വായന.അമ്മമാരുടെ വായനാ കുറിപ്പുകൾ വായനാകാർഡുകൾ തയ്യാറക്കല് | ജൂൺ | അധ്യാപകൻ<br>പി ടി എ |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം<br>പോസ്റ്റർ Quiz<br>ജൂൺ 19 വായനാദിനം Quiz<br>വായനാവാരം<br>ജൂലായ് 21 ചാന്ദ്രദിനം Quiz<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം<br>പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം<br>പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം Quiz<br>സെപ്റ്റംബർ 5 അധ്യാപക ദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി Quiz<br>കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി Quiz<br>പ്രസംഗം<br>നവംബർ 14 ശിശുദിനം Quiz<br>ഡിസംബർ<br>ക്രിസ്തുമസ്സ് ആഘോഷം<br>ജനുവരി 1 പുതുവർഷാഘോഷം<br>ജനുവരി 26 റിപ്പബ്ലിക് ദിനം | ജൂൺ - മാർച്ച് | അധ്യാപകൻ<br>പി ടി എ<br>രക്ഷിതാക്കൾ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ | അധ്യയന വർഷം മുഴുവൻ | വേദി - സി<br>പി ടി എ |
| ഇംഗ്ലീഷ്,മലയാളം എന്നീ വിഷയ ങ്ങളിൽ വായന എഴുത്ത് എന്നീ അടിസ്ഥാന ശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജി ക്കുകയും സർഗാത്മക പ്രവർത്ത നങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു | • ഇംഗ്ലീഷ്,മലയാളം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട വായന പുസ്തങ്ങൾതെരഞ്ഞെടുക്കുന്നു. അവ ക്ലാസ് ലൈബ്രറിയിൽ ക്രമീരിക്കുന്നു. | ജൂൺ- മാർച്ച് | രക്ഷിതാക്കൾ |
| സംഘപ്രവർത്തനം കളികകൾ എന്നിവയിലൂടെ സംഘബോധം, സാമൂഹിക ബോധം, പങ്കിടൽ, എന്നിവ വികസിപ്പിക്കൽ | കുട്ടികൾക്ക് ഗ്രൂപ്പായിതിരിഞ്ഞ് വിവിധ കളികളിൽ ഏർപ്പെടാൻ അവസരം നൽകുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ |
| ശാസ്ത്ര കൗതുകം വളർത്താൻ ഉതകുംവിധം, ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർ പ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകുയും ചെയ്യുന്നു. | നാലാം ക്ലാസ്സിലെ കുട്ടിളുടെ നിലവാരത്തിലുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു. പരീക്ഷണങ്ങളെ ശാസ്ത്ര മാജിക്കുളായി രൂപപ്പെടുത്തുന്നു.കുറിപ്പുൾ തയ്യാറാക്കുന്നു. | ജൂലായ്- മാർച്ച് | അധ്യാപകർ |

| | | | |
|---|---|---|---|
| • കുട്ടിളുടെ സ്വതന്ത്രമായ സർ ഗാത്മ പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക. | എല്ലാ വെള്ളിയാഴ്ചകളിലും 3 മണിക്ക് ശേഷം ബാലസഭകൾ നടത്തുന്നു.ഏറ്റവും മികച്ചവ കണ്ടെത്തി പ്രോത്സാഹനം കൊടുക്കുന്നു. | ജൂലായ്- മാർച്ച് | അധ്യാപകർ |
| കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും, കായിക കക്ഷമതയും ഉറപ്പാക്കുന്നു . | ചെറു വ്യായാമങ്ങളിലും ,ചെറു കളികളിലും ഏർപ്പെടാൻ എല്ലാ കുട്ടികളേയും സജ്ജരാക്കുന്നു. സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക | ജൂൺ- മാർ ച്ച് | സഹ അധ്യാപകർ |
| ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടിൾക്കും ഗണിതശേഷികൾ ഉറപ്പാക്കുന്നു. | ഗണിതാശയങ്ങൾ രൂപീരിക്കുന്നു.<br>പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനും,നിർദ്ധാരണം ചെയ്യുന്നതിനുമുള്ള ശേഷി എല്ലാ കുട്ടികളിലും എത്തിക്കുന്നു.<br>• ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂലായ്-മാർ ച്ച് | അധ്യാപകൻ |
| സുംബ ഡാൻസ് പോലെയുള്ള വ്യായാമ പരിപോഷണ പരിപാടികൾ നടത്തുക | കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും, കായിക കക്ഷമതയും ഉറപ്പാക്കുന്നു. | ജൂൺ- മാർ ച്ച് | അധ്യാപകൻ |
| | | | |